## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം
## (ഹാജർ ഡോ.കെ. വാസുകി ഐ.എ.എസ്)

വിഷയം:- തസ്വഭവ - ശുചിത്വമിഷൻ - അധിക സേവന മേഖലയിലേയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. അധിക സേവന മേഖലയിലേയ്ക്ക് അംഗീകാരം ലഭിക്കുന്നതിലേക്കായി സൂര്യാ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷ.
2. 21-01-2017-ൽ ഈ ഓഫീസിൽ കൂടിയ സാങ്കേതിക സമിതിയുടെ മിനിട്ട്സ്.
3. 23-02-2017-ലെ കണ്ണൂർ ജില്ലാ മിഷൻ ലഭ്യമാക്കിയ 107/SBM/15 നം. കത്ത്.
4. 25-02-2017-ൽ ഈ ഓഫീസിൽ കൂടിയ സാങ്കേതിക സമിതിയുടെ മിനിട്ട്സ്.

**ഉത്തരവ് നം. 2640/സി2/2015/എസ്.എം.** **തീയതി: 02/03/2017**

നിലവിൽ ഗാർഹികതല ബയോഗ്യാസ് മേഖലയിൽ ശുചിത്വ മിഷന്റെ അംഗീകൃത സേവന ദാതാവായ സൂര്യാ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം കമ്പോസ്റ്റിംഗ് മേഖലയിൽ കൂടി അംഗീകാരം ലഭിക്കുന്നതിന് സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷ സൂചന (2) പ്രകാരം ശുചിത്വ മിഷനിൽ കൂടിയ സാങ്കേതിക സമിതി പരിശോധിക്കുകയും ടി ഏജൻസിയുടെ പ്രസ്തുത മേഖലയിലെ പ്രാവീണ്യവും പ്രവൃത്തി പരിചയവും വിലയിരുത്തുകയും, ടി ഏജൻസിയുടെ നിർമ്മാണ യൂണിറ്റിൽ ഫീൽഡ്തല വെരിഫിക്കേഷൻ നടത്തി അവയുടെ സ്വീകാര്യതയെയും സേവനങ്ങളെയും കുറിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലാ മിഷനോട് നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സൂചന (4) പ്രകാരം ചേർന്ന സാങ്കേതിക സമിതി വിലയിരുത്തുകയും, SURYA DISTRIBUTORS, Lavanya Complex, New Bus Stand, Thalassery, Kannur - 670 649, Ph: 0490-2323023 എന്ന സ്ഥാപനത്തിന് ഗാർഹികതല കമ്പോസ്റ്റിംഗ് മേഖലയിൽ കൂടി ശുചിത്വമിഷന്റെ അംഗീകൃത സേവന ദാതാവായി അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. ആയതിന്റെയടിസ്ഥാനത്തിൽ ടി ഏജൻസിക്ക് 2017 മാർച്ച് 1 മുതൽ ഒരു വർഷത്തേയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

K. Vasuki

**എക്സിക്യൂട്ടീവ് ഡയറക്ടർ**

പകർപ്പ്:-
1. പഞ്ചായത്ത് ഡയറക്ടർ (അറിവിലേയ്ക്ക്)
2. നഗരകാര്യ ഡയറക്ടർ (അറിവിലേയ്ക്ക്)
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. ബന്ധപ്പെട്ട എല്ലാ സേവനദാതാകൾക്കും
6. വെബ്സൈറ്റ്
7. ഓഫീസ് കോപ്പി/കരുതൽ ഫയൽ